## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 528 — 08.08.2017 ൽ മറുപടിക്ക്

### വനിതാ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീമതി. വീണാ ജോർജ്ജ്<br>ശ്രീ. ആന്റണി ജോൺ<br>ശ്രീ. പി.വി. അൻവർ<br>ശ്രീ. കെ. ഡി. പ്രസേനൻ | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് വനിതാ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ വനിതകളെ സംരംഭകത്വത്തിലേയ്ക്ക് ആകർഷിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | കേരളത്തിലെ വ്യവസായ മേഖല യുടെ മുഖ്യധാരയിലേക്ക് വനിതാ വ്യവസായികളെ ആകർഷിക്കുന്നതിനും വ്യവസായ സംരംഭങ്ങൾ തുടങ്ങുവാനും മറ്റുമായി കേരള സർക്കാർ പൊതുമേഖലാസ്ഥാപനമായ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി) മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് വനിതാ സംരഭകത്വ മിഷൻ അഥവാ 'വീ' മിഷൻ (WE MISSION). വനിതാ സംരംഭകർക്ക് ഉപദേശക നിർദ്ദേശ പിന്തുണയും, നെറ്റ് വർക്കിങ്ങ് മീറ്റിങ്ങുകളും വഴി വ്യവസായ സംരംഭകരെ അടുത്ത ഘട്ടത്തിലേയ്ക്ക് ഉയർത്തുവാൻ സഹായിക്കുന്നതിനും അതോടൊപ്പം ഈ വ്യവസായങ്ങളെ ലോകത്തിനു മുൻപിൽ പ്രദർശിപ്പിക്കുന്നതിനും, സംരംഭകരെ തമ്മിൽ കോർത്തിണക്കി പുതിയ വിപണന സാധ്യതകൾ ക ണ്ടെത്തുന്നതിനുമുള്ള സാഹചര്യമൊരുക്കുകയുമാണ് 'വീ' മിഷൻ വഴി സർക്കാർ ലക്ഷ്യമിടുന്നത്. |
| (ബി) | ഇതിന്റെ ഭാഗമായി കെ എസ് ഐ ഡി സി, 'വീ മിഷൻ കേരള' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ; | | |
| (സി) | സ്വന്തമായി വ്യവസായ സംരംഭങ്ങളുള്ള വനിതാ സംരംഭകരെ അടുത്ത തലത്തിലേക്ക് എത്തിക്കാനുതകുന്ന എന്തെല്ലാം നടപടികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (സി) | 'വീ മിഷൻ' മുഖേന കേരളത്തിലെ വനിതാ വ്യവസായികളെ അടുത്ത തലത്തിലേയ്ക്ക് എത്തിക്കുന്നതിന് താഴെ പറയുന്ന അഞ്ച് തരത്തിലുള്ള പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്.<br>1. മെന്ററിംഗ് സപ്പോർട്ട് - വനിതാ സംരംഭകർക്ക് വ്യവസായത്തിൽ |

| | | | |
|---|---|---|---|
| | | | മുന്നേറുവാനുള്ള ഉപദേശ നിർദ്ദേശങ്ങൾ ലഭിക്കുവാനുള്ള അവസരം.<br>2. മറ്റു വ്യവസായ യൂണിറ്റുകളിലേയ്ക്കുള്ള സന്ദർശനങ്ങൾ - വിജയപ്രദമായ വനിതാ സംരംഭകരുടെ യൂണിറ്റുകൾ സന്ദർശിച്ച് പ്രവർത്തനം മനസ്സിലാക്കുവാനുള്ള അവസരം.<br>3. വിപണന ശൃംഖല വിപുലീകരിക്കൽ - ഈ മേഖലയിലുള്ളവരുമായി മികച്ച രീതിയിൽ ബന്ധം സ്ഥാപിച്ചെടുക്കാൻ അവസരം.<br>4. ഹ്രസ്വകാലസാമ്പത്തിക സഹായം - സ്ത്രീ സംരംഭകരുടെ, നിർമ്മാണ മേഖലയിലേർപ്പെട്ടിരിക്കുന്ന (മാനുഫാക്ചറിംഗ്) ബിസിനസ്സ് സംരംഭങ്ങളെ അടുത്ത ഘട്ടത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായുള്ള ബിസിനസ്സ് വിപുലീകരണത്തിനോ, ആധുനികവൽക്കരണത്തിനോ, വൈവിധ്യവൽക്കരണത്തിനോ ഉള്ള ഹ്രസ്വകാല സാമ്പത്തിക വായ്പ.<br>5. അടിസ്ഥാന സൗകര്യ സഹായങ്ങൾ - വനിതാ സംരംഭകർക്ക് വ്യവസായ വിപുലീകരണത്തിനുള്ള അടിസ്ഥാന സൗകര്യവികസനം. |
| ഡി | വസ്ത്രനിർമ്മാണ മേഖലയിലും കയറ്റുമതി രംഗത്തുമുള്ള വനിതാ സംരംഭകർക്കായി 'വീ സ്പേസ്' എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ? | (ഡി) | കെ.എസ്.ഐ.ഡി.സി.യുടെ വനിതാ സംരംഭകത്വ മിഷന്റെ കീഴിൽ കേരളത്തിലെ ആദ്യത്തെ അടിസ്ഥാന സൗകര്യ വികസന സംരംഭമാണ് വനിതകൾക്ക് മാത്രമായി അങ്കമാലിയിലെ ഇങ്കൽ ടവറിൽ 42,284 ചതുരശ്ര അടിയിൽ സജ്ജമാക്കിയിരിക്കുന്ന വീ സ്പെയ്സ് അഥവാ വനിതാ അപ്പാരൽ പാർക്ക്. വസ്ത്രനിർമ്മാണ മേഖലയിലേർപ്പെട്ടിരിക്കുന്ന വനിതാ സംരംഭകരെ ഒരു കുടക്കീഴിൽ കൊ ണ്ടുവരുവാനും ഈ മേഖലയിലെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയാണ് വീ സ്പെയ്സ് പ്രവർത്തന സജ്ജമാക്കിയിരിക്കുന്നത്. വളരെ ചുരുങ്ങിയ നിരക്കിലാണ് ഈ സൗകര്യം സംരംഭകർക്ക് നൽകുന്നത്. |

സെക്ഷൻ ഓഫീസർ